II ഇ.ബി. XIII-കേരള നിയമസഭ /XIII-2

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 മാർച്ച് 11, ബുധൻ

(ഭരണഘടനയുടെ 180 അനുച്ഛേദം 1-ാം ഖണ്ഡം അനുസരിച്ച് കേരളാ ഗവർണർ നിയമസഭാംഗമായ ശ്രീ. ഡൊമിനിക് പ്രസന്റേഷനെ സ്പീക്കറുടെ കർത്തവ്യങ്ങൾ നിറവേറ്റുവാൻ പ്രോട്ടെം സ്പീക്കറായി നിയമിച്ചിരിക്കുന്നു. )

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

3 (*61 ) മാരക പകർച്ചവ്യാധികൾ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, ചെള്ളുപനി, എലിപ്പനി, ഡെങ്കിപ്പനി,

കുരങ്ങുപനി, എച്ച്1 എൻ1 തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ജില്ലാ ഭരണകൂടവും ആരോഗ്യവകുപ്പും വിവിധ വകുപ്പുകളും സംയുക്തമായി അടിയന്തര നിയന്ത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എലിപ്പനി രോഗ സാദ്ധ്യത കൂടുതലുള്ള മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് ഡോക്സിസൈക്ലീൻ പ്രതിരോധ ഗുളിക പഞ്ചായത്തു തലത്തിലും രോഗ നിർണ്ണയത്തിനുള്ള ടെസ്റ്റ് കിറ്റുകൾ ലാബുകളിലും ലഭ്യമാക്കിയിട്ടുണ്ട്. എച്ച്1 എൻ1 രോഗബാധ കണ്ടെത്തിയ ജില്ലകളിൽ രോഗ നിരീക്ഷണം ശക്തമാക്കുകയും ചികിത്സക്കാവശ്യമായ ഓസൾട്ടാമിവിർ ഗുളികകളുടെ ലഭ്യത ഉറപ്പു വരുത്തുകയും രോഗ നിർണ്ണയ ടെസ്റ്റുകൾക്ക് മണിപ്പാൽ ആശുപത്രിയിൽ സൗകര്യം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കുരങ്ങുപനി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, പുൽപ്പള്ളി ബ്ലോക്കുകളിലെ പൂത്താടി, മുള്ളൻകൊല്ലി, ചിതലയം, നൂൽപ്പുഴ പ്രദേശങ്ങളിലെ വനത്തോട് ചേർന്നുള്ള ആദിവാസി കോളനികളിലാണ് കണ്ടെത്തിയിട്ടുള്ളതെന്നും 2015 മാർച്ച് 8 വരെ 105 പേർക്ക് രോഗം ബാധിക്കുകയും 5 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ആരോഗ്യ വകുപ്പിന് കീഴിലുള്ള രോഗ നിരീക്ഷണ പരിപാടിയിൽ ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പകർച്ചപ്പനി ബാധിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ശുചീകരണ/പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാർഡ്തല സാനിട്ടേഷൻ

കമ്മിറ്റികൾക്കും പഞ്ചായത്തുകൾക്കും എൻ.ആർ.എച്ച്.എം. വഴിയും കോർപ്പറേഷൻ വാർഡുകളിൽ ശുചിത്വമിഷൻ വഴിയും ഫണ്ട് ലഭ്യമാക്കുന്നുണ്ട്. മാരക രോഗങ്ങളുടെ വ്യാപനം തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർ, മേയർമാർ, വിവിധ വകുപ്പുതലവൻമാർ എന്നിവർ പങ്കെടുത്ത യോഗത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി ഗ്രാമസഭകളും വാർഡ് സഭകളും വിളിച്ചുകൂട്ടുന്നതിനും മാർച്ച് 15 മുതൽ സെപ്റ്റംബർ 30 വരെ വാട്ടർ ക്വാളിറ്റി ടെസ്റ്റ് സൗജന്യമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഹോമിയോ, ആയുർവേദ വിഭാഗങ്ങൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഫണ്ട് അനുവദിക്കുന്നതാണ്. അഡ്മിനിസ്ട്രേറ്റീവ് കേഡറിലെ ഡോക്ടർമാരുടെയും സിവിൽ സർജൻ, സ്പെഷ്യാലിറ്റി കേഡറിലെ ചീഫ് കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് തുടങ്ങിയ ഒഴിവുകളിൽ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നതനുസരിച്ചും ജൂനിയർ കൺസൾട്ടന്റ് ഒഴിവുകൾ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ചും നികത്തുന്നതാണ്. റിട്ടയർമെന്റ്, പ്രൊമോഷൻ, പ്ലേസ്മെന്റ് എന്നിവ മുൻകൂട്ടി കണ്ടുകൊണ്ട് 518 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള

667 ഡോക്ടർമാരുടെ ഒഴിവുകളിൽ 582 ഡോക്ടർമാരെ അഡ്ഹോക്ക് വ്യവസ്ഥയിലും, എൻ.ആർ.എച്ച്.എം. മുഖേന 706 ഡോക്ടർമാരേയും നിയമിച്ച് 1288 ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ്-1, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ വഴിയും സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, റേഡിയോഗ്രാഫർ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. വഴിയും നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദന്തൽ ഹൈജീനിസ്റ്റിന്റെ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ട്. അൻപതോളം പഞ്ചായത്തുകളിൽ പി.എച്ച്.സി.കൾ ആരംഭിച്ച് ഡോക്ടർമാരേയും അനുബന്ധ ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. മുപ്പത്തഞ്ചോളം താലൂക്ക് ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടെ നിയമിച്ചുകൊണ്ട് കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിന് താമസംവിനാ നടപടി സ്വീകരിക്കുന്നതാണെന്നും മാരക രോഗങ്ങൾക്കുള്ള പരിശോധനാ സമ്പ്രദായം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## 4(*62) എച്ച്1 എൻ1 പ്രതിരോധ നടപടികൾ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ,

ആശുപത്രി തലത്തിൽ എച്ച്1 എൻ1 ചികിൽസാ മാർഗ്ഗരേഖകൾ വിതരണം ചെയ്യൽ; ഒസൽട്ടാമിവിർ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തൽ; ആശുപത്രിയിലെ അണുബാധ നിയന്ത്രണ സംവിധാനങ്ങൾ ഊർജ്ജിതപ്പെടുത്തൽ; ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ബിറ്റ് നോട്ടീസുകൾ വഴിയും പൊതുജനങ്ങൾക്ക് ബോധവത്കരണവും ഉപദേശവും നൽകൽ; സംശയ ദൂരീകരണത്തിനായി ദിശ ഹെൽപ്പ് ലൈൻ സജ്ജമാക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ എച്ച്1.എൻ1 രോഗവ്യാപനം തടയുന്നതിന് ആരോഗ്യവകുപ്പ് മുൻകരുതൽ നടപടി സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. ചികിൽസയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകളും, ശുശ്രൂഷാസംവിധാനങ്ങളും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ചാണ് ചെയ്തുവരുന്നത്. രോഗ നിർണ്ണയത്തിനായി സ്രവസാമ്പിളുകൾ മണിപ്പാൽ സെന്റർ ഫോർ വൈറൽ റിസർച്ച് ലാബിലും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ആലപ്പുഴ യൂണിറ്റിലും പരിശോധിച്ചുവരുന്നു. എച്ച്1 എൻ1 ചികിൽസയ്ക്ക് ഐസലേഷൻ വാർഡുകൾ, തീവ്ര പരിചരണ വാർഡുകൾ, പ്രത്യേക പരിശീലനം നൽകിയിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീം എന്നിവ എല്ലാ ജില്ലകളിലും, ഓരോ ജില്ലാ ആശുപത്രിയിലും, മെഡിക്കൽ കോളേജുകളിലും നിലവിലുണ്ട്. ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മിലിറ്റഡ് മുഖേനയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സ്റ്റോറുകൾ വഴിയും ലഭ്യമാക്കിയിട്ടുണ്ട്. വടക്കേ

ഇന്ത്യയിൽ എച്ച്1.എൻ1 പനിയുടെ അധിക വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനോട് ഒസൽട്ടാമിവിർ മരുന്നുകളുടെ അധിക സ്റ്റോക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നും എല്ലാവിധ സഹായവും പിന്തുണയും ഉറപ്പുവരുത്തുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 693 മുതൽ 1036 വരെയുള്ള ചോദ്യങ്ങളിൽ 75 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)